
# പാലം




ഗാലക്സി എക്സ്പ്രസ്

വെക്കേഷൻ ബൈബിൾ സ്കൂൾ

പ്രധാന പാഠങ്ങൾക്കുള്ള ലഘുലേഖ

# 1. ദൈവത്തെ വിളിച്ചപേക്ഷിക്കുക!




## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

### മോശെയുടെ ജനനം

പ്രധാന പാഠം

യിസ്രായേൽമക്കൾ അടിമവേല നിമിത്തം നെടുവീർപ്പിട്ടു നിലവിളിച്ചു.അടിമവേല ഹേതുവായുള്ള നിലവിളി ദൈവസന്നിധിയിൽ എത്തി.ദൈവം അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും തനിക്കുള്ള നിയമവും ഓർത്തു.ദൈവം യിസ്രായേൽ മക്കളെ കടാക്ഷിച്ചു.ദൈവം അറിഞ്ഞു(പുറ 2.23–25).

പുറപ്പാടു പുസ്തകം 2–ാം അദ്ധ്യായത്തിൽ ദൈവജനം ഒരു സുപ്രധാന പാഠം പഠിപ്പിച്ചതായി ബൈബിൾ നമുക്ക് കാണിച്ചു തരുന്നു.അത് നാം ഇന്നു പഠിക്കുന്ന പാഠം തന്നെയാണ്.ഏതെങ്കിലും വിഷയത്തിൽ നമുക്ക് സഹായം വേണമെങ്കിൽ ,നാം ദൈവത്തെ വിളിച്ചപേക്ഷിക്കണം.
യിസ്രായേൽജനം അടിമത്തത്തിൽ ആയിരുന്നതിനാൽ, അവർ ജീവിതത്തിൽ വലിയ കഷ്ടത സഹിക്കുകയായിരുന്നു.പാവപ്പെട്ടവരായ അവർക്ക് അല്പമേ ഭക്ഷിപ്പാൻ ഉണ്ടായിരുന്നുള്ളു. നമ്മുടെ മാതാപിതാക്കൾ എല്ലാ സമയത്തും പരസ്പരം വഴക്കടിക്കുന്നതുമൂലം ചിലപ്പോൾ മറ്റുള്ളവർ നമ്മെ കളിയാക്കുകയോ,നമ്മെപ്പറ്റി തമാശ പറയുകയോ,നാം ബുദ്ധിമുട്ടുകയോ ആയിരിക്കും.അപ്പോഴാണ് നാം ദൈവത്തെ വിളിച്ചപേക്ഷിക്കേണ്ടത്.ഈ സമയത്ത് ദൈവജനം ദരിദ്രരും വിശന്നവരും ആയിരുന്നു എന്നു മാത്രമല്ല അവർ മിസ്രയീമ്യരാൽ പരിഹസിക്കപ്പെടുകയും കളിയാക്കപ്പെടുകയും ചെയ്തിരുന്നു.ഈ സംഘർഷങ്ങൾ എല്ലാം ഉള്ളപ്പോൾ തന്നെ,അവർ പരസ്പരം വഴക്കടിക്കുകയും ചെയ്യുമായിരുന്നു.അപ്പോൾ കാര്യങ്ങൾ കൂടുതൽ വഷളാകുകയെന്നോണം,യിസ്രായേൽമക്കളുടെ എല്ലാ ആൺകുഞ്ഞുങ്ങളെയും കൊന്നുകളയണമെന്ന് മിസ്രയീമിലെ ഭരണാധികാരി പ്രഖ്യാപിച്ചു.അത് തീവ്രതയേറിയ ഒരു പീഡനം ആയിരുന്നു.ആരെങ്കിലും ദൈവത്തെ വിളിച്ചപേക്ഷിക്കണമായിരുന്നെങ്കിൽ അത് യിസ്രായേല്യരായിരുന്നു. എന്നാൽ ദൈവത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നു.മോശ ജനിച്ചപ്പോൾ ദൈവം അവനെ ശ്രദ്ധയോടുകൂടി കാവൽചെയ്യുകയും,കൊല്ലപ്പെടാതെ സംരക്ഷിക്കുകയും ചെയ്തു തന്റെ കുഞ്ഞിനെ കണ്ടാൽ അവനെ തട്ടിയെടുത്തുകൊണ്ടുപോയി കൊല്ലുവാൻ സാധ്യതയുണ്ടായിരുന്നതിൽ


## ലഭിക്കുന്ന സന്ദേശം

ബൈബിൾ വാക്യം

“ഞാൻ യഹോവയോട് ഉച്ചത്തിൽ നിലവിളിക്കുന്നു, അവൻ തന്റെ വിശുദ്ധപർവ്വതത്തിൽ നിന്ന് ഉത്തരം അരുളുകയും ചെയ്യുന്നു.” സങ്കീ. 3:4


## ഗഗനസഞ്ചാര നിരീക്ഷണം

[ ദൈവം
വലിയവനാണ് ]






www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



നീചന്മാരായ പട്ടാളക്കാർ കാണാതെ മോശയുടെ അമ്മ തന്നാൽ കഴിയുവോളം മോശെക്കുഞ്ഞിനെ ഒളിപ്പിച്ചുവെച്ചു.എന്നാൽ ഇനിയും അവനെ ഒളിപ്പിച്ചുവെയ്ക്കുവാൻ കഴിയുകയില്ല എന്നൊരു സമയമെത്തി.ഒരു പക്ഷേ,അപ്പോഴായിരിക്കാം അവർക്ക് ഒരു നല്ല ആശയം ലഭിച്ചത്.ദൈവത്തെ വിളിച്ചപേക്ഷിക്കുവാൻ മോശെയുടെ അമ്മ അവനെ ഒരു കുട്ടയിലാക്കി നദിയിൽ വെച്ചപ്പോൾ ദൈവം അവനെ സൂക്ഷിച്ചു.അവൻ വെള്ളത്തിൽ മുങ്ങിച്ചാകുകയോ,ഒഴുക്കിൽപ്പെട്ട് വളരെ ദൂരം പോവുകയോ ചെയ്യാമായിരുന്നു,   എന്നാൽ അവൻ സുരക്ഷിതനായിരിക്കണം എന്ന് ദൈവം തീരുമാനിച്ചിരുന്നു.മിസ്രയീമിലെ ഭരണാധികാരിയുടെ വീടിനു സമീപം മോശെക്കുഞ്ഞിനെ വെച്ച കുട്ട    (പെട്ടകം) പൊങ്ങിക്കിടക്കുകയും ഫറവോന്റെ പുത്രി മോശെക്കുഞ്ഞിനെ അവളുടെ സ്വന്തം മകനെപ്പോലെ വളർത്തുവാനും തീരുമാനിച്ചു.നമ്മുടെ ദൈവം വളരെ വലിയവൻ ആണ്.  ദൈവത്തിന് മോശയുടെ ജീവിതത്തെക്കുറിച്ച് ഒരു പദ്ധതി ഉണ്ടായിരുന്നതിനാൽ,അവൻ ഒരു ശിശുവായി ഒരു കുട്ടയിൽ നദിയിലെ വെള്ളത്തിൽ ഒഴുകിനടക്കുമ്പോഴും ദൈവം അവനെ കണ്ടു.ദൈവം നിങ്ങളെയും എന്നെയും കാണുന്നു,അവൻ നമ്മെ ഓരോരുത്തരെയും അറിയുന്നു.

ദൈവത്തെ വിളിച്ചപേക്ഷിക്കുക എന്ന സുപ്രധാന പാഠം നമുക്കിന്ന് പഠിക്കാം.ചില സമയങ്ങൾ നിങ്ങൾക്കും എനിക്കും കാഠിന്യം നിറഞ്ഞതാവാം.ഉദാഹരണമായി,സ്കൂളിൽ നമുക്ക് ബുദ്ധിമുട്ട് ഉണ്ടാകുകയോ,ഒരു സഹോദരനുമായി വഴക്കടിക്കുന്ന സന്ദർഭം ഉണ്ടാവുകയോ ചെയ്യാം.നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം ദൈവത്തെ വിളിച്ചപേക്ഷിക്കുക എന്നതാണ്. യിസ്രായേൽ ജനം അതുതന്നെയാണ് ചെയ്തത്. അവർക്ക് ദൈവത്തെ വിളിച്ചപേക്ഷിക്കുവാൻ സാധിച്ചു; ബൈബിൾ പറയുന്നത്, ദൈവം അവരുടെ നിലവിളികേട്ടു, അവരെ ഓർത്തു എന്നാണ്. ദൈവം അവരെ കണ്ടു,അവരെ അറിഞ്ഞു.ദൈവത്തിന് അവരോട് മനസ്സലിവുതോന്നി, അവരെ രക്ഷിച്ചു. ദൈവത്തിന് മോശയുടെ ജീവിതത്തെപ്പറ്റി ഒരു പദ്ധതി ഉണ്ടായിരുന്നു...ഒരു യിസ്രായേല്യനായി അവൻ ജനിക്കപ്പെട്ടു,മരണത്തിൽ നിന്നും വിടുവിക്കപ്പെട്ടു,കൊട്ടയിൽ (പെട്ടകത്തിൽ)രക്ഷപെട്ടു,ഫറവോന്റെ കുടുംബത്തിൽ ദത്തെടുക്കപ്പെട്ടു.അതുകൊണ്ട് നാം ഇന്നു പഠിച്ച കാര്യങ്ങൾ നമുക്ക് പ്രവർത്തിയിലാക്കാം,ദൈവത്തെ വിളിച്ചപേക്ഷിക്കാം.





## സന്ദേശ പ്രക്ഷേപണം

**ദൈവത്തെ വിളിച്ചപേക്ഷിക്കുക**

ഈ പാഠത്തിനിടെ,ഓരോ പ്രാവശ്യവും കുട്ടികൾ "ദൈവത്തെ വിളിച്ചപേക്ഷിക്കുക" എന്നു കേൾക്കുമ്പോൾ,അവർ തങ്ങളുടെ കരങ്ങളെ ദൈവത്തിങ്കലേക്ക് ഉയർത്തിക്കൊണ്ട് " കർത്താവേ എന്നെ സഹായിക്കണേ"എന്നു പറയുകയും മുകളിലോട്ട് ചാടുകയും ചെയ്യണം











www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# 2. ദൈവത്തോടു പ്രതികരിക്കുക!




## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

പ്രധാന പാഠം **മോശെയുടെ കത്തുന്ന മുൾപ്പടർപ്പ്**

മോശ തന്റെ അമ്മായിഅപ്പനായ യിത്രോയുടെ ആടുകളെ മേയിക്കുകയായിരുന്നു. ... അവിടെ ദൈവത്തിന്റെ ദൂതൻ മുൾപ്പടർപ്പിന്റെ നടുവിൽനിന്ന് അഗ്നിജ്വാലയിൽ അവന് പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപ്പടർപ്പ് തീ പിടിച്ചു കത്തുന്നതും മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്നതും കണ്ടു. "മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്ന ഈ അപൂർവ്വ കാഴ്ച എന്തെന്നു ഞാൻ ചെന്നു നോക്കട്ടെ" എന്നു മോശ ചിന്തിച്ചു.

നോക്കേണ്ടതിന് അവൻ വരുന്നത് യഹോവ കണ്ടപ്പോൾ , ദൈവം മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് അവനെ "മോശേ, മോശേ" എന്ന് വിളിച്ചു. അതിന് മോശെ, "അടിയൻ ഇതാ" എന്നു പറഞ്ഞു.

ദൈവം പറഞ്ഞു, "ഇങ്ങോട്ട് അടുക്കരുത്. നീ നിൽക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നു ചെരിപ്പു അഴിച്ചുകളയുക". പിന്നെ അവൻ പറഞ്ഞു , "ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്സഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു." ( പുറപ്പാട് 3.1–6 )

മോശയോട് സംസാരിക്കുന്നതു കാണിക്കുവാൻ തക്കവണ്ണം അത്ര അതിശയവാനാണ് നമ്മുടെ ദൈവം. ദൈവം മോശയേ അവന്റെ പേരു ചൊല്ലി വിളിച്ചു. ദൈവം. നമ്മെ വിളിക്കുമ്പോൾ നമുക്കു എന്തു ചെയ്യുവാൻ കഴിയും എന്നാണ് നാം ഇന്നു പഠിക്കുന്നത്. ദൈവത്തോടു പ്രതികരിക്കുക. ആടുകളെ മേയിച്ചുകൊണ്ട് മോശെ തന്റെ സ്വന്തം തൊഴിലിൽ ഏർപ്പെട്ടിരുന്നു. മോശ പ്രാർത്ഥിക്കുകയോ ആത്മികമായി മറ്റെന്തെങ്കിലും ചെയ്യുകയോ ആയിരുന്നില്ല. അവൻ ജോലി ചെയ്തുകൊണ്ടിരുന്നപ്പോഴാണ് ദൈവം അവനെ വിളിച്ചത്. "ഏയ് അവിടെ നിൽക്കുന്ന നിങ്ങൾ" എന്നല്ല ദൈവം അവനെ വിളിച്ചത്, പിന്നെയോ ദൈവം മോശയെ പേർ ചൊല്ലി വിളിച്ചു. പെട്ടെന്ന് മോശക്ക്

ആരോ" മോശേ, മോശേ" എന്ന് തന്റെ പേർ വിളിക്കുന്നത് കേൾക്കുവാൻ

## ലഭിക്കുന്ന സന്ദേശം


ബൈബിൾ വാക്യം

“അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട്: അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ എന്നു പറഞ്ഞു” യെശയ്യാവ് 6:8

## ഗഗനസഞ്ചാര നിരീക്ഷണം

ദൈവം

വിസ്മയവാനാണ്





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

കഴിഞ്ഞു. തന്നെ ആരാണ് പേരു പറഞ്ഞ് വിളിക്കുന്നതെന്ന് കാണുവാൻ മോശ ചുറ്റും നോക്കിയിട്ടുണ്ടാവും. എന്നാൽ അവന്റെ ചുറ്റിലും ആരും ഇല്ലായിരുന്നു. അവൻ ഒറ്റക്കായിരുന്നു. അപ്പോൾ അവൻ അതു കണ്ടു. കത്തുന്ന ഒരു മുൾപ്പടർപ്പ്. തന്റെ ബാഗിൽ നിന്നും ഉടൻതന്നെ തീ അണയ്ക്കുന്നതിനുള്ള ഉപകരണമെടുത്തു ആ തീ കെടുത്തുവാൻ ശ്രമിച്ചതായി നിങ്ങൾ ചിന്തിക്കുന്നുണ്ടോ. ഒരു പക്ഷേ മുൾപടർപ്പ് യഥാർത്ഥത്തിൽ വെന്തുപോകാതിരിക്കുന്നതുകണ്ട് എന്തെങ്കിലും ചെയ്‌വാൻ അവൻ തിടുക്കം കൂട്ടിയിട്ടുണ്ടാവും. അതു കത്തുകയായിരുന്നു. പക്ഷേ വെന്തു പോയില്ല. തുടർന്നു ആ മുൾപ്പടർപ്പ് അവനോടു സംസാരിക്കുവാൻ തുടങ്ങി. "ഞാൻ ദൈവത്തോടു പ്രതികരിക്കണമോ" എന്നു മോശ ചിന്തിച്ചിട്ടുണ്ടാകും.

സാധാരണയായി നിങ്ങളും ഞാനും കത്തുന്ന മുൾപ്പടർപ്പുകൾ കാണാറില്ല.. സാധാരണയായി ദൈവം നമ്മോട് ഉച്ചത്തിൽ കേൾക്കാവുന്ന ശബ്ദത്തിൽ സംസാരിക്കാറുമില്ല. എന്നാൽ എല്ലാ സമയത്തും ദൈവം നമ്മോടു ആശയവിനിമയം നടത്തുവാൻ ശ്രമിക്കുന്നു. ദൈവം എല്ലായ്പോഴും നിങ്ങളോടു സംസാരിക്കുവാനും നിങ്ങളുമായി സമയം ചെലവഴിക്കുവാനും നിങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകുവാനും ശ്രമിക്കുന്നു. എന്നാൽ നമ്മിൽ വളരെ ചുരുക്കം പേർ മാത്രമേ ദൈവത്തെ ശ്രദ്ധിക്കുന്നുള്ളു എന്നതാണ് കാര്യം. കൂടുതൽ ആളുകളും ദിവസം മുഴുവൻ ദൈവത്തെ മറന്നാണ് ജീവിക്കുന്നത്. ദൈവം ഉണ്ട് എന്നും അല്ലെങ്കിൽ ആ ദൈവത്തിന് നമ്മോടു സംസാരിക്കണമെന്നും ഉള്ള കാര്യങ്ങൾ അവർ മറക്കുന്നു. നിങ്ങൾ ദൈവത്തോടു പ്രതികരിക്കും എന്നു വാസ്തവത്തിൽ ദൈവം ആശിക്കുന്നു. നമ്മുടെ ദൈവം അതിശയവാനല്ലേ.


നാം ഇന്നു ചെയ്യുന്നതുപോലെ മോശെയ്ക്കു ദൈവത്തെ അവഗണിക്കുന്നതു തിരഞ്ഞെടുക്കാമായിരുന്നു. പക്ഷേ അവൻ നിന്നു ശ്രദ്ധിച്ചു. തുടർന്നു അവൻ തന്റെ ഹൃദയവും വായും പ്രതികരിക്കുവാനായി തുറന്നു. "അതേ കർത്താവേ , അടിയൻ ഇതാ". എന്നുള്ള പദങ്ങളോടെ അവൻ ദൈവത്തിന് ഉത്തരം നൽകി. ഇസ്രായേൽ ജനത്തെ അടിമത്വത്തിൽ നിന്നു രക്ഷിക്കുവാൻ ദൈവത്തിനു ഒരു പദ്ധതി ഉണ്ടായിരുന്നു. അവനു മോശയേ ഉപയോഗിക്കണമായിരുന്നു. "അടിയൻ ഇതാ" എന്നുള്ള ലളിതമായ മോടിയില്ലാത്ത വാക്കുകൾ ഉച്ചരിച്ചു മോശെ ദൈവവിളിക്കു മറുപടി നൽകി. നിങ്ങളുടെ ജീവിതത്തിൽകൂടെയും അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾക്കു വേണ്ടിയുള്ള മഹത്തായതും അവിശ്വസനീയവുമായ പദ്ധതികൾ അവന്റെ പക്കലുണ്ട്. എന്നാൽ നിങ്ങൾ ഒരു നിമിഷം നിന്ന് അവനെ ശ്രദ്ധിക്കണം. നിങ്ങൾ ദൈവത്തോടു പ്രതികരിക്കണം. എന്നു ദൈവം ആഗ്രഹിക്കുന്നു.


## സന്ദേശ പ്രക്ഷേപണം

**ദൈവത്തോടു പ്രതികരിക്കുക**

ഈ പാഠത്തിനിടെ ഓരോ പ്രാവശ്യവും കുട്ടികൾ "ദൈവത്തോടു പ്രതികരിക്കുക." എന്നു കേൾക്കുമ്പോൾ , അവർ തങ്ങളുടെ കരം തങ്ങളുടെ ചെവിയിൽ ഇട്ടുകൊണ്ട് "അതേ കർത്താവേ"എന്നു പറഞ്ഞു പ്രതികരിക്കണം. തുടർന്നു, "അടിയൻ ഇതാ" എന്നു പറഞ്ഞുകൊണ്ട് അവർ ഒരു പട്ടാളക്കാരനേപ്പോലെ തങ്ങളുടെ കാലുകൾ ചേർത്തുവയ്ക്കണം.










www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



# 3. ദൈവത്തെ അനുസരിക്കുക!



## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

പ്രധാന പാഠം **ഈജിപ്റ്റിലെ (മിസ്രയീമിലെ) ബാധകൾ**

യിസ്രയേൽമക്കളുടെ നിലവിളി എന്റെ അടുക്കൽ എത്തിയിരിക്കുന്നു; മിസ്രയീമ്യർ അവരെ ഞെരുക്കുന്ന ഞെരുക്കവും ഞാൻ കണ്ടിരിക്കുന്നു; ആകയാൽ വരിക; നീഎന്റെ ജനമായ യിസ്രയേൽമക്കളെ മിസ്രയിമിൽനിന്നു പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും .ആകയാൽ നീ ചെയ്യുക; ഞാൻ നിന്റെ വായോടുകൂടെ ഇരുന്ന് നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ച് തരും. എന്നാൽ അവൻ: കർത്താവേ നിനക്ക് ബോധിച്ച മറ്റാരെയെങ്കിലും അയക്കേണമേ എന്നു പറഞ്ഞു. അപ്പോൾ യഹോവയുടെ കോപം മോശയുടെ നേരെ ജ്വലിച്ചു......
പിന്നെ മോശെ തന്റെ അമ്മാവിയപ്പനായ യിത്രോവിന്റെ അടുക്കൽ ചെന്നു അവനോട്: ഞാൻ പുറപ്പെട്ട് മിസ്രയൂമിലെ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്, അവർ ജീവനോടിരിക്കുന്നുവോ എന്ന് നോക്കട്ടേ എന്നു പറഞ്ഞു. (പുറപ്പാട് 3:9:–10; 4:12–18).

അനുസരിക്കുക എന്നതു പ്രയാസമുള്ള കാര്യമാണ്. ആർക്കും അനുസരിക്കുവാൻ മനസ്സില്ല. ആർക്കും തന്നെ, തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം നിർത്തിവെച്ചിട്ട് മറെറാരാളെ അനുസരിക്കുവാൻ ആഗ്രഹമില്ല. ദൈവത്തെ അനുസരിക്കുക എന്നുള്ളത് പ്രത്യേകിച്ച് പ്രയാസമാണ് കാരണം നമുക്ക് യഥാർഥത്തിൽ ദൈവത്തെ കാണുവാൻ കഴിയുന്നില്ല, തന്മൂലം ദൈവം ഇല്ല എന്ന് നടിക്കുവാൻ നാം ശ്രമിക്കുകയും, അങ്ങനെ ദൈവത്തെ അനുസരിക്കേണ്ട എന്ന് കരുതുകയും ചെയ്യുന്നു. ഓരോരുത്തർക്കും തങ്ങളുടെ സ്വന്തം കാര്യം മാത്രം ചെയ്യണം എന്നാണ് താത്പര്യം. നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുവാൻ നിങ്ങൾക്കിഷടമല്ലെങ്കിൽ, എന്തു സംഭവിക്കുമെന്ന് ഊഹിക്കുക, എന്നാൽ അക്കാര്യത്തിൽ നിങ്ങൾ ഒററയ്ക്കല്ല! മനുഷ്യരെല്ലാം ഈ രീതിയിലാണ് ജനിച്ചിരിക്കുന്നത്. നിങ്ങൾ ചിന്തിച്ചേക്കാവുന്നതുപോലെ, നമ്മൾ നല്ല കുഞ്ഞുമാലാഖമാരായിട്ടല്ല പിറന്നിരിക്കുന്നത്. നാം സ്വാർത്ഥതയോടെയും, ഈ ലോകമെല്ലാം നമുക്കുചുററുമാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. ചിലപ്പോൾ ദൈവത്തെ അനുസരിക്കണം എന്നു നാം അറിയുമ്പോൾ, നാം അത് ആഗ്രഹിക്കുന്നില്ല, നാം പിറുപിറുക്കുകയും അതിൽനിന്നു

## ലഭിക്കുന്ന സന്ദേശം

ബൈബിൾ വാക്യം
"അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു" 1 യോഹന്നാൻ 3:24


## ഗഗനസഞ്ചാര നിരീക്ഷണം

ദൈവം

**അത്ഭുതവാനാണ്**








www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

പുറത്തുകടക്കുന്നതിനായി കേണപേക്ഷിക്കുകയും ചെയ്യുന്നു. കൊള്ളാം, അതാണ് മോശെയും ചെയ്തത്.

തന്റെ ജനത്തെ അടിമത്വത്തിൽനിന്നും പീഢയിൽനിന്നും രക്ഷിക്കുക എന്ന അതിശയകരമായ ഒരു പദ്ധതി ദൈവത്തിന് ഉണ്ടായിരുന്നു. തന്റെ ജനത്തെ വിടുവിക്കുന്നതോടൊപ്പം, തന്റെ മഹത്വം ശ്രേഷ്ഠതയും അവരെ കാണിക്കണം എന്നും ദൈവത്തിന് ആഗ്രഹം ഉണ്ടായിരുന്നു. മിസ്രയീമ്യർ തന്റെ ജനത്തെ വിട്ടയയ്ക്കുന്നതുവരെ, അങ്ങനെ ദൈവം ജയിക്കുന്നതുവരെ, ഓരോ പ്രാവശ്യവും കൂടുതൽ കൂടുതൽ വഷളാകുന്ന ബാധകളെ, ചില മോശം കാര്യങ്ങളുടെ ഒരു പരമ്പരയെത്തന്നെ, ഉപയോഗിക്കുവാൻ ദൈവം തീരുമാനിച്ചു. ഫറവോനോട് സംസാരിക്കുന്ന വ്യക്തി മോശെ ആയിരിക്കണമെന്ന് ദൈവം തീരുമാനിച്ചു. മോശെ ദൈവത്തിന്റെ ആളായിരുന്നു, എന്നാൽ മോശെയ്ക്ക് അനുസരിക്കുവാൻ മനസ്സില്ലായിരുന്നു.

തനിക്ക് മററുള്ളവരുടെ മുമ്പാകെ നന്നായി സംസാരിക്കുവാൻ കഴിയാത്തവനാണെന്നും അതുകൊണ്ട് ദൈവം മററൊരാളെ കണ്ടുപിടിക്കുന്നതാണ്. നല്ലതെന്ന് മോശെ ദൈവത്തോട് കേണുകേണപേക്ഷിച്ചു. മററാരെയെങ്കിലും അയയ്ക്കുവാനായി മോശെ ദൈവത്തോട് പറഞ്ഞുപോലും!!! എപ്പോഴെങ്കിലും നിങ്ങൾ നിങ്ങളുടെ മമ്മിയോട് നിങ്ങളെ എങ്ങോട്ടെങ്കിലും അയയ്ക്കരുതെന്നോ, നിങ്ങളെക്കൊണ്ട് എന്തെങ്കിലും ചെയ്യിക്കരുതെന്നോ കേണപേക്ഷിച്ചിട്ടുണ്ടോ?അപ്പോൾ നിങ്ങൾക്കറിയാം മോശെയ്ക്ക് ഇതെങ്ങനെ തോന്നിക്കാണുമെന്ന്. ദൈവത്തിന് ഒരു വലിയ പദ്ധതി ഉണ്ടായിരുന്നതിനാൽ, മോശെ ദൈവത്തെ അനുസരിക്കുന്നത് പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു. മോശെയുടെ എല്ലാ ഒഴിവുകഴിവുകളും ദൈവം മടുത്തു ദൈവത്തിന്റെ കോപം മോശെയുടെ നേരെ ജ്വലിച്ചു എന്ന് ബൈബിൾപറയുന്ന. മോശെ എന്തു ചെയ്തു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്???അത് ശരിയാണ്. ഒടുവിൽ അവൻ ദൈവത്തെ അനുസരിച്ചു.മോശെയുടെ വടി പാമ്പായിട്ട് മാറിയും, അത് തിരികെ വടിയാക്കി മാറിയും ദൈവിക പദ്ധതി, അവന്റെ മഹത്വം അത്ഭുതവും കാണിക്കുവാൻ ആരംഭിച്ചു. ദൈവജനത്തെ വിട്ടയയ്ക്കുവാൻ ഫറവോൻ വിസമ്മതിച്ചതുമൂലം ദൈവം ഓരോ ബാധകൾ അയയ്ക്കുവാൻ തുടങ്ങി, ഓരോ പ്രാവശ്യവും ഫറവോന് മാനസാന്തരപ്പെടുവാൻ ദൈവം അവസരം കൊടുത്തു, പക്ഷേ അവൻ അത് ചെയ്തില്ല. തുടർന്ന് ദൈവം ബാധകൾ ഓരോന്നായി അയയ്ക്കുവാൻ തുടങ്ങി: രക്തം, തവള,പേൻ,നായീച്ച,വ്യാധി, പുണ്ണ്, കൽമഴ, വെട്ടുക്കിളി, കൂരിരുട്ട്,കടിഞ്ഞൂൽ സംഹാരം. അതെല്ലാം കഴിഞ്ഞപ്പോൾ, ഒടുവിലായി ഫറവോൻ തന്റെ പരിശ്രമം ഉപേക്ഷിക്കുകയും ദൈവം ജയിക്കുവാൻ അനുവദിക്കുകയും ചെയ്തു. പുറപ്പെട്ടുപോകാൻ തക്കവണ്ണം ദൈവജനം സ്വതന്ത്രരായി. അവർ ദൈവത്തിന്റെ മഹത്വം ദർശിച്ചു!

ഒഴിവുകൾ ഉപേക്ഷിച്ച് ചാടിയെഴുന്നേററ് പോകുവാനും ദൈവത്തെ അനുസരിക്കാനും മോശെ തയ്യാറായതുകൊണ്ടാണ് ഇതെല്ലാം സംഭവിച്ചത്!





## സന്ദേശ പ്രക്ഷേപണം

"ദൈവത്തെ അനുസരിക്കുക"

ഈ പാഠത്തിനിടയ്ക്ക് കുട്ടികൾ, "ദൈവത്തെ അനുസരിക്കുക" എന്ന് കേൾക്കുമ്പോഴെല്ലാം, "എനിക്ക് മാററം സംഭവിക്കണം" എന്നു പറഞ്ഞു കൊണ്ട് കുട്ടികൾ പ്രതികരിക്കുകയും, അതോടൊപ്പം അവർ എഴുന്നേറ്റ് ചുററും മാർച്ചു ചെയ്തുകൊണ്ട് ഓരോരുത്തരും മറ്റൊരു കുട്ടിയുമായി ഇരിപ്പിടം മാറുകയും ചെയ്യുന്നു







www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# 4. ദൈവത്തിനായി കാത്തിരിക്കുക!




## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

പ്രധാന പാഠം

### പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും

ഫറവോൻ അടുത്തുവരുമ്പോൾ യിസ്രായേൽ മക്കൾ തല ഉയർത്തി മിസ്രയീമ്യർ പിന്നാലെ വരുന്നതു കണ്ട് ഏറ്റവും ഭയപ്പെട്ടു. യിസ്രായേൽ മക്കൾ യഹോവയോട് നിലവിളിച്ചു. അവർ മോശയോട് മിസ്രായേൽ ശവക്കുഴിയില്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൂട്ടിക്കൊണ്ടു വന്നത്. നീ ഞങ്ങളെ മിസ്രയീമിൽ നിന്ന് പുറപ്പെടുവിച്ചതിനാൽ ഞങ്ങളോട് ഈ ചെയ്തത് എന്ത് മിസ്രയീമ്യർക്ക് വേല ചെയ്യാൻ ഞങ്ങളെ വിടേണം എന്നു ഞങ്ങൾ മിസ്രയീമിൽ വെച്ച് നിന്നോട് പറഞ്ഞില്ലയോ മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്ക് വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്ക് നല്ലത് എന്നു പറഞ്ഞു. അതിനു മോശ ജനത്തോട് "ഭയപ്പെടേണ്ട ഉറച്ചുനില്പിൻ യഹോവ ഇന്നു നിങ്ങൾക്ക് ചെയ്യാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല.യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും നിങ്ങൾ മിണ്ടാതിരിപ്പിൻ" എന്നു പറഞ്ഞു (പുറപ്പാട് 14:1014)

യിസ്രായേൽ മക്കൾ ദൈവത്തിനായി കാത്തിരിക്കുന്നത് എപ്രകാരം പഠിച്ചു എന്നാണ് ഇന്ന് നാം പഠിക്കുവാൻ പോകുന്നത്.ജനം പുറപ്പെട്ടു പോകുവാൻ മിസ്രയീമ്യർ അനുവദിച്ചതിനു ശേഷം അവർ പശ്ചാത്തപിച്ചു.ഉടൻ തന്നെ ഫറവോൻ യിസ്രായേൽജനത്തെ പിന്തുടർന്ന് അവരെ അടിമത്തത്തിലേക്ക് തിരികെ കൊണ്ടുവരാൻ  തീരുമാനിച്ചു. ഇനിയും തങ്ങൾ ആർക്കും അടിമകളല്ല എന്നുള്ള യിസ്രയേൽജനത്തിന്റെ വൻവിജയം പെട്ടെന്ന് നഷ്ടമായി.ശത്രുക്കൾ അവരെ പിന്തുടരുകയും അവർ ഭയപ്പെടുകയും ചെയ്തു.

അവർ പരാതി പറയുവാൻ തുടങ്ങുകയും മിസ്രയീമിലേക്ക് തിരികെ പോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് ആശിക്കുകയും ചെയ്തു. തങ്ങൾ മരുഭൂമിയിൽ ശത്രുക്കളാൽ പിന്തുടരപ്പെട്ടതുകൊണ്ട്,വാസ്തവത്തിൽ സ്വാതന്ത്ര്യത്തേക്കാൾ അടിമത്വം അവർ ആഗ്രഹിച്ചു . ദൈവത്തിനായി കാത്തിരിക്കുക എന്നുള്ള അവരെ സംബന്ധിച്ചിടത്തോളം , അവസാനകാര്യമായിരുന്നു. ദൈവമഹത്വം തങ്ങളെ സംരക്ഷിക്കുന്നത് കണ്ടിട്ടും ജനം ഭയപ്പെട്ടു എന്നതിൽ അത്ഭുതപ്പെടാനില്ലേ? ജനം യാത്ര ചെയ്തപ്പോൾ അവർക്കുവേണ്ടി ഏററവും അതിശയകരമായ കാര്യങ്ങൾ ദൈവം ചെയ്തു! പകൽസമയത്ത് അവരെ നയിക്കുവാനായി ഒരു വലിയ മേഘസ്തംഭത്തെയും, രാത്രിയിൽ അവരെ നയിക്കുവാനും അവർക്ക് വെളിച്ചം

## ലഭിക്കുന്ന സന്ദേശം

ബൈബിൾ വാക്യം

"യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ" യെശ. 30:18

## ഗഗനസഞ്ചാര നിരീക്ഷണം

ദൈവം

**അതിഗംഭീരവാനാണ്**





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

നൽകുവാനുമായി ദൈവം ഒരു വലിയ അഗ്നിസ്തംഭത്തെയും അയച്ചു! ദശലക്ഷത്തിൽപരം ആളുകൾ ഒരു മരുഭൂമിയിൽക്കൂടി നടന്നുപോകുന്നതും അവർക്ക് മുൻപായി ഒരു അഗ്നിത്തൂൺ കടന്നുപോകുന്നതും നിങ്ങൾക്ക് ഭാവനയിൽ കാണുവാൻ സാധിക്കുന്നുണ്ടോ? കൃത്യമായി എത്ര ആളുകൾ അവിടെ ഉണ്ടായിരുന്നു എന്നോ, അഗ്നിസ്തംഭത്തിന് എത്രമാത്രം ഉയരം ഉണ്ടായിരുന്നു എന്നോ നമുക്കറിയില്ല, എന്നാൽ അവിടെ ഒരു വലിയ ജനക്കൂട്ടം ഉണ്ടായിരുന്നു, തന്മൂലം അതൊരു ചെറിയ തീനാളം ആയിരിക്കുവാൻ സാധ്യമല്ല. (600,000 /യുദ്ധസന്നദ്ധരായ പുരുഷൻമാർ ഉണ്ടായിരുന്നങ്കിൽ, സ്ത്രീകളും കുട്ടികളും വൃദ്ധരുമുൾപ്പെടെ 2 ദശലക്ഷത്തോളം ആളുകൾ അവിടെ ഉണ്ടായിരുന്നിരിക്കാം എന്ന് പണ്ഡിതന്മാർ കണക്കാക്കിയിട്ടുണ്ട്). ഇത് അത്ഭുതകരവും ശ്രേഷ്ഠവുമാണ്! അവർ യാത്രചെയ്തപ്പോൾ, ഒരു ഭീമാകാരമായ അഭൗമിക അടയാളത്താൽ ദൈവം അവരെ നയിച്ചു, എന്നിട്ടും ശത്രുക്കൾ അവരുടെ നേരെ വന്നപ്പോൾ അവർ ഭയപ്പെട്ടുപോയി. നാം ദൈവത്തെ അനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോൾ, യിസ്രേയേൽ ജനത്തേപ്പോലെ നിങ്ങളും ഞാനും പലപ്പോഴും ഭയപ്പെടുന്ന അവസ്ഥ ഉണ്ടാകാറുണ്ടു. ചിലപ്പോൾ നമ്മുടെ സാഹചര്യങ്ങൾ, നമുക്ക് എങ്ങോട്ടും തിരിയുവാൻ പററാത്ത മരുഭൂമിയെപ്പോലെ കാണപ്പെടാറുണ്ട്, അതോടൊപ്പം ശത്രുനമ്മെ പിന്തുടരുന്നതായും തോന്നാറുണ്ട്. നാം ദൈവത്തിന്റെ അതിശയങ്ങളും ശ്രേഷ്ഠതകളും, അവന്റെ അത്ഭുത പ്രവർത്തികളും കാണുകയും അവൻ നമ്മെ വിടുവിച്ചതായ അവസരങ്ങളെയും ഓർക്കാറുണ്ട്. എന്നാൽ നാം ഭയന്നുപോയാൽ ദൈവത്തിനായി  കാത്തിരിക്കുക എന്നത് പ്രയാസമാണ്.

രണ്ടുകാര്യങ്ങൾ ചെയ്യുവാൻ മാത്രമേ ഒരു പക്ഷേ യിസ്രേയേല്യർ ചിന്തിച്ചുകാണുകയുള്ളു, ഒന്നുകിൽ ഓടിയകലുക, അല്ലങ്കിൽ യുദ്ധം ചെയ്യുക. അവിടെ ഇരുന്ന് ദൈവത്തിനായി കാത്തിരിക്കുവാൻ ഒരു പക്ഷേ അവരിൽ ആരുംതന്നെ ചിന്തിച്ചിട്ടുണ്ടാവില്ല. എന്തെങ്കിലും ആപത്ത് പെട്ടന്ന് വരാൻ തുടങ്ങുന്നു എന്നു കേൾക്കുമ്പോൾ ആർക്കാണ് കാത്തിരിക്കുവാൻ കഴിയുന്നത്??? എല്ലാവർക്കും അറിയാവുന്നത്, ഒന്നുകിൽ യുദ്ധം ചെയ്യുക, അല്ലങ്കിൽ ഓടിയകലുക, എന്നാൽ ദൈവത്തിന് ഒരു പദ്ധതിയുണ്ടായിരുന്നു. മോശെ ദൈവത്തിന്റെ പദ്ധതി കേൾക്കുകയും അത് എല്ലാവരോടും പങ്കുവെക്കുകയും ചെയ്തു.... ദൈവം നിങ്ങൾക്കായി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ. അവർ ദൈവത്തിനായി കാത്തിരിക്കുമ്പോൾ, അവർക്കുവേണ്ടി യുദ്ധം ചെയ്യുക  എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി!

നിങ്ങളിൽ എത്രപേർ ശാന്തമായി കാത്തിരിക്കുവാൻ ഇഷ്ടപ്പെടുന്നു? ചിലപ്പോൾ നിങ്ങളും ഞാനും പ്രശ്നങ്ങളിൽ അകപ്പെടുന്നതുപോലെ ഈ ജനവും പ്രതിസന്ധിയിലായിരുന്നു. അവരെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി അവർ ദൈവത്തിനായി കാത്തിരിക്കുകയും, ദൈവത്തെ യുദ്ധം ചെയ്യുവാൻ അനുവദിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു. അടുത്ത പ്രാവശ്യം നിങ്ങൾ പ്രശ്നത്തിലകപ്പെടുമ്പോൾ, നിങ്ങൾക്കുവേണ്ടി ദൈവം യുദ്ധം ചെയ്യുന്നില്ലേ എന്ന് ദൈവത്തോട് ചോദിക്കുക. യിസ്രയേല്യർ ചെയ്തതുതന്നെയാണ് നിങ്ങളുടെയും കർത്തവ്യം: ദൈവത്തിനായി കാത്തിരിക്കുക എന്നത്!







## സന്ദേശ പ്രക്ഷേപണം

"ദൈവത്തിനായി കാത്തിരിക്കുക!"

ഈ പാഠത്തിനിടയ്ക്ക് ഓരോ പ്രാവശ്യവും വിദ്യാർത്ഥികൾ "ദൈവത്തിനായി കാത്തിരിക്കുക" എന്നുകേൾക്കുമ്പോൾ,വിദ്യാർത്ഥികൾ ഞാൻ തയ്യാർ എന്നു പറഞ്ഞുകൊണ്ട് മുൻപോട്ട് ചാടുകയും, ഗുസ്തിമത്സരത്തിലെപ്പോലെ നീങ്ങുകയും ചെയ്യണം,അതിനുശേഷം അവർ  തങ്ങളുടെ കൈകൾ ചേർത്തുപിടിച്ചുകൊണ്ട്,"പക്ഷേ ഞാൻ കാത്തിരിക്കണം"എന്നു പറഞ്ഞുകൊണ്ട് താഴെ ഇരിക്കണം.









www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



# 5. ദൈവത്തെ ആരാധിക്കുക!







## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

പ്രധാന പാഠം

ചെങ്കടൽ കടക്കുന്നത്

അപ്പോൾ യഹോവ മോശെയോട്: വെള്ളം മിസ്രയീമ്യരുടെമേലും അവരുടെ രഥങ്ങളിന്മേലും കുതിരപ്പടയുടെമേലും മടങ്ങിവരേണ്ടതിന് കടലിന്മേൽ കൈ നീട്ടുക എന്ന് കല്പിച്ചു. മോശെ കടലിന്മേൽ കൈ നീട്ടി, പുലർച്ചയ്ക്ക് കടൽ അതിന്റെ സ്ഥിതിയിലേക്ക് മടങ്ങിവന്നു. മിസ്രയീമ്യർ അതിന് എതിരായി ഓടി. യഹോവ മിസ്രയീമ്യരെ കടലിന്റെ നടുവിൽ തള്ളിയിട്ടു.വെള്ളം മടങ്ങിവന്നു അവരുടെ പിന്നാലെ കടലിലേക്ക് ചെന്നിരുന്ന രഥങ്ങളെയും കുതിരപ്പടയെയും ഫറവോന്റെ സൈന്യത്തെയും എല്ലാം മുക്കിക്കളഞ്ഞു. അവരിൽ ഒരുത്തൻ പോലും ശേഷിച്ചില്ല. യിസ്രായേൽ മക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോയി. വെള്ളം അവരുടെ ഇടത്തും വലത്തും മതിലായി നിന്നു. ഇങ്ങനെ യഹോവ ആ ദിവസം യിസ്രായേല്യരെ മിസ്രയീമ്യരുടെ കൈയ്യിൽ നിന്ന് രക്ഷിച്ചു. മിസ്രയീമ്യർ കടൽക്കരയിൽ ചത്തടിഞ്ഞ് കിടക്കുന്നത് യിസ്രായേല്യർ കാണുകയും ചെയ്തു. മോശെയും യിസ്രായേൽ മക്കളും അന്ന് യഹോവെക്ക് സങ്കീർത്തനം പാടി ചൊല്ലിയത് എന്തെന്നാൽ:

ഞാൻ യഹോവെക്കു പാടും, അവൻ മഹോന്നതൻ
കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു.
എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ
അവൻ എനിക്ക് രക്ഷയായ്ത്തീർന്നു. അവൻ എന്റെ ദൈവം, ഞാൻ അവനെ സ്തുതിക്കും
അവൻ എന്റെ പിതാവിൻ ദൈവം, ഞാൻ അവനെ പുകഴ്ത്തും. (പുറപ്പാട് : 15:1.2)


്നാം കഴിഞ്ഞ ദിവസം യിസ്രായേൽമക്കളെ വിട്ടുപിരിയുമ്പോൾ,തങ്ങളുടെ ശത്രുക്കൾ അവനെ പിന്തുടരുന്നതു കണ്ട്, അവർ വളരെ വിഷമത്തിലായിരുന്നു.അവർ തിരിഞ്ഞ് യുദ്ധം ചെയ്യുകയോ, അല്ലെങ്കിൽ ഓടിപ്പോകുകയോ ചെയ്യണമായിരുന്നു, പക്ഷേ അവർ ദൈവത്തിനായി കാത്തിരിക്കുന്നത് തിരഞ്ഞെടുത്തു. ശത്രുസൈന്യത്തിന്റെയും ബൃഹത്തായ "ചെങ്കടലി" ന്റെയും ഇടയ്ക്ക് തങ്ങൾ കുടുങ്ങിപ്പോയതായി അവർ കണ്ടു.അവർ കുടുങ്ങിപ്പോകുകയും ദൈവം അവരുടെ രക്ഷയ്ക്കായി വരുന്നതിനായി കാത്തിരിക്കുകയും ചെയ്തു. ദൈവം അവരെ രക്ഷിപ്പാനായി വന്നു! നമുക്ക് ദൈവത്തെ ആരാധിക്കാം!
ദൈവം മോശെയോട് അവന്റെ കയ്യിലുള്ള വടി സമുദ്രത്തിനു മീതെ ഉയർത്തിപ്പിടിക്കുവാൻ നിർദ്ദേശിച്ചു, ഉടൻതന്നെ വെള്ളം രണ്ടായി പിരിയുവാൻ



## ലഭിക്കുന്ന സന്ദേശം

ബൈബിൾ വാക്യം


"യഹോവയെ സ്തുതിപ്പിൻ; ദൈവത്തെ അവന്റെ വിശുദ്ധമന്ദിരത്തിൽ സ്തുതിപ്പിൻ; അവന്റെ ബലമുള്ള ആകാശവിതാനത്തിൽ അവനെ സ്തുതിപ്പിൻ" സങ്കീ. 150:1



## ഗഗനസഞ്ചാര നിരീക്ഷണം


ദൈവം

**ഭയങ്കരനാണ്**







www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



തുടങ്ങി. ബൃഹത്തായ വലിയ നദി രണ്ടായി പിളരുകയും അതിനു നടുവിൽ കൂടി യിസ്രായേൽ ജനത്തിന് നടന്നു പോകുവാൻ തക്കവണ്ണം ഉണക്കിയ നിലമായി ഒരു പാത ഉളവാകുകയും ചെയ്തു. ബൈബിളിലെ ഏറ്റവും വിസ്മയാവഹമായ അത്ഭുതങ്ങളിൽ ഒന്നാണിത്. വെള്ളം ഇരുഭാഗങ്ങളിലുമായി കൂമ്പാരമായി കൂടുകയും ദശലക്ഷക്കണക്കിന് ആളുകൾ കാൽനടയായി കടന്നുപോവുകയും ചെയ്തു. എന്നാൽ ആ പാതയിൽകൂടി യിസ്രായേൽമക്കളെ പിന്തുടരുവാൻ മിസ്രയീമ്യർ ശ്രമിച്ചപ്പോൾ, ദൈവം ചിറപോലെ കുമ്പാരമായി നിർത്തിയ ചെങ്കടലിലെ വെള്ളം മിസ്രയീമ്യരുടെമേൽ മടക്കിവരുത്തുകയും, അവരെയെല്ലാം സമുദ്രത്തിന്റെ നടുവിൽതന്നെ കൊന്നുകളയുകയും ചെയ്തു. ദൈവം നിങ്ങൾക്കായി യുദ്ധം ചെയ്യുന്നതിന്റെ ഒരുദാഹരണമാണിത്. അവന്റെ അതിശയകരമായ അത്ഭുതപ്രവർത്തികൾക്കായി ദൈവത്തെ ആരാധിക്കുക എന്നുള്ളതല്ലാതെ മറ്റൊന്നും തന്നെ ചെയ്യുവാനില്ല. സമുദ്രത്തിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി നിങ്ങൾ സമുദ്രത്തെ കുറുകെ കടക്കുന്നതും, നിങ്ങളുടെ ശത്രുക്കളെ പരാജയപ്പെടുത്തുന്നതും നിങ്ങൾക്ക് ഭാവനയിൽ കാണുവാൻ കഴിയുമോ?
ദൈവത്തിന്റെ അത്ഭുതപ്രവർത്തിയും ശക്തിയും നിമിത്തം, ദൈവത്തിന് സ്തുതി ഗീതങ്ങൾ ആലപിച്ചുകൊണ്ട് ദൈവത്തെ ആരാധിച്ചതാണ് രക്ഷപെട്ടതിന് ശേഷം യിസ്രായേല്യർ ആദ്യം ചെയ്ത പ്രവർത്തി.

ദൈവത്തെ ആരാധിക്കുക എന്നതുതന്നെ ആയിരിക്കണം, ദൈവത്തോടും അവന്റെ അത്ഭുതപ്രവർത്തിയോടും നമുക്കുള്ള ആദ്യപ്രതികരണം .സ്കൂളിലെ ഒരു പരീക്ഷയിൽ നിങ്ങളെ സഹായിക്കുവാൻ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുകയും, ദൈവം അത് നിവർത്തിക്കുകയും ചെയ്യുമ്പോൾ, അവിടെ വെറുതെ ഇരിക്കരുത്. ദൈവത്തിന് സ്തോത്രം ചെയ്യുക.ആ പരീക്ഷയിൽ നന്നായി ഉത്തരമെഴുതുവാൻ കഴിഞ്ഞു എന്ന് നിങ്ങൾക്ക് തോന്നുമ്പോൾ ദൈവത്തെ ആരാധിക്കുക.നിങ്ങളുടെ മാതാപിതാക്കൾ തമ്മിൽ വഴക്കടിക്കുന്നത് കണ്ടു മടുത്തു, അവർക്ക് സമാധാനം നൽകുവാൻ നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുകയും, അവർ വഴക്കടിക്കുന്നത് പെട്ടെന്ന് നിർത്തുകയും ചെയ്യുമ്പോൾ, ദൈവത്തെ ആരാധിക്കുക. ദൈവം നിങ്ങളെ കടാക്ഷിക്കുവാനും, നിങ്ങളുടെ സഭയെ സഹായിക്കുവാൻ ഒരു പദ്ധതി നല്കുവാൻ നിങ്ങൾ ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ക്ലാസ്സിലെ ഒരു പദ്ധതി നല്കുവാൻ നിങ്ങൾ ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ക്ലാസ്സിലെ ഒരു അദ്ധ്യാപകന്റെ, അദ്ദേഹത്തിന്റെ സഹായിയായി ഒപ്പം നിൽക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ, ദൈവത്തെ ആരാധിക്കുക. നിങ്ങളുടെ സ്കൂളിലെ ഒരു വഴക്കാളിയെ ഒഴിവാക്കുവാനും, അവനോട് എതിർത്തുനിൽപ്പാനും, ആ വഴക്കാളിയും അവന്റെ കുടുംബാംഗങ്ങളുമെല്ലാം മറ്റൊരു നഗരത്തിലേക്ക് താമസം മാറ്റുകയും ചെയ്താൽ, ദൈവത്തെ ആരാധിക്കുക. നാം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് ദൈവത്തിന്റെ പക്കൽ എപ്പോഴും വ്യത്യസ്തങ്ങളായ മറുപടികൾ ഉണ്ട്. ദൈവം തുടർമാനമായി നമ്മെ സഹായിക്കുകയും നമുക്കായി കരുതുകയും ചെയ്യുന്നു, ആയതിനാൽ യിസ്രായേൽ ജനം ചെയ്തതുപോലെ നാമും ദൈവത്തോട് പ്രതികരിക്കേണ്ടതാണ്: ദൈവത്തെ ആരാധിക്കുക!




## സന്ദേശ പ്രക്ഷേപണം

"ദൈവത്തെ ആരാധിക്കുക"


ഈ പാഠത്തിനിടയ്ക്ക് ഓരോ പ്രാവശ്യവും കുട്ടികൾ "ദൈവത്തെ ആരാധിക്കുക" എന്നു കേൾക്കുമ്പോൾ, അവർ തങ്ങളുടെ കരങ്ങൾ വായുവിൽ മുകളിലേക്ക് ഉയർത്തി പുറകോട്ടും മുൻപോട്ടും ആട്ടിക്കൊണ്ട്, "ഞാൻ അങ്ങയെ ആരാധിക്കുന്നു" എന്ന് പറഞ്ഞു കൊണ്ട് ദൈവത്തോട് പ്രതികരിക്കുകയും ചെയ്യണം.






www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



Find and download more resoures online:

**www.ChildrenAreImportant.com/galaxy**




Lessons Galaxy Malayalam

13656



www.ChildrenAreImportant.com
info@childrenareimportant.com
We are located in Mexico.
DK Editorial Pro-Visión A.C.


കുട്ടികൾ
പ്രാധാന്യമുള്ളവർ

